# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5703** **09/07/2012 ൽ മറുപടിക്ക്**

**ഏരിയാ ഇന്റൻസീവ് പ്രോഗ്രാം (എ.ഐ.പി) പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള : | | ശ്രീ.പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ഏരിയാ ഇന്റൻസീവ് പ്രോഗ്രാം (എ.ഐ.പി) പദ്ധതി പ്രകാരം സംസ്ഥാനത്തിപ്പോൾ എത്ര വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയുടെ പേര്, ജില്ല, പഠിക്കുന്ന കുട്ടികളുടെ എണ്ണം എന്നിവയും വ്യക്തമാക്കാമോ; | എ) | എ.ഐ.പി പ്രകാരം എൽ.പി., യു.പി. ഹൈസ്കൂൾ വിഭാഗങ്ങളിലായി 28 ഉം ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ 5 ഉം സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ലിസ്റ്റ് അനുബന്ധം-I ആയി ചേർക്കുന്നു. |
| ബി) | ഈ വിദ്യാലയങ്ങൾക്ക് സർക്കാർ തലത്തിൽ അംഗീകാരം, അധ്യാപകർക്ക് ശമ്പളം എന്നിവ നൽകുന്നതിന് മുൻസർക്കാരുകൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | ബി) & സി) | എ.ഐ.പി പ്രകാരം മുൻസർക്കാരുകളുടെ കാലത്ത് ശമ്പളവും ക്ഷാമബത്തയും സ്റ്റാഫ് ഫിക്സേഷനും ശമ്പളപരിഷ്കരണ ആനുകൂല്യങ്ങളും നൽകിയിരുന്നു. ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം- II ആയി ചേർക്കുന്നു. |
| സി) | ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | | |
| ഡി) | ഈ വിദ്യാലയങ്ങൾക്ക് എയിഡഡ് പദവി നൽകുന്നതിന് കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് വിദ്യാഭ്യാസ മന്ത്രി ഫയലിൽ നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ അതിന്റെ പകർപ്പുകളും വിശദാംശവും ലഭ്യമാക്കുമോ? | ഡി) | ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. ആയത് തിരികെ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് വിശദാംശം നൽകാവുന്നതാണ്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ